ഉത്തരം

(എ) ആംഡ് പോലീസ് ബറ്റാലിയനിലാണ് നിയമനം നടത്തേണ്ടത്.

(ബി) നിയമിച്ചു.

(സി) സ്പെഷ്യൽ റൂൾ അനുസരിച്ച് ആംഡ് പോലീസ് ബറ്റാലിയനിൽ നിയമനം നൽകേണ്ടിയിരുന്ന ശ്രീ. ബിജുകുമാറിന് ബറ്റാലിയനിൽ എസ്. ഐ. തസ്തികയിലെ ഒഴിവിന്റെ അഭാവത്തിലാണ് ആംഡ് പോലീസിൽ നിയമനം നൽകിയത്. അതും ഒരു പ്രത്യേക കേസായി പരിഗണിച്ച് നിയമനം നൽകുകയായിരുന്നു.

(ഡി) നൽകിയിരുന്നു.

(ഇ) ശ്രീ. ബിജുകുമാറിന്റെ നിയമനം ഒരു പ്രത്യേക കേസായി പരിഗണിച്ചാണ് ചെയ്തിട്ടുള്ളത്.

(എഫ്) തൽക്കാലം പരിഗണനയിലില്ല.

ക്യാമ്പ് ഫോളോവേഴ്സ്

121 (1056) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പോലീസിൽ ക്യാമ്പ് ഫോളോവേഴ്സ് എന്നൊരു തസ്തിക നിലവിലുണ്ടോ ;

(ബി) ഇവരുടെ സേവന-വേതന വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(സി) ഇവരുടെ പ്രൊമോഷൻ തസ്തിക ഏതാണ് ; പ്രൊമോഷൻ ലഭിക്കാൻ എന്തൊക്കെ യോഗ്യതയാണ് നിശ്ചയിച്ചിട്ടുള്ളത് ;

(ഡി) പോലീസുകാർക്ക് നൽകുന്ന ഓവർടൈം അലവൻസ് ഇവർക്കും നൽകുന്നുണ്ടോ ; ഇല്ലെങ്കിൽ പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ക്ലാസ് IV ജീവനക്കാരുടെ സേവന വ്യവസ്ഥകളാണ് ഇവർക്ക് ബാധകമാക്കിയിട്ടുള്ളത്.

(സി) ഇവർക്ക് പ്രൊമോഷൻ തസ്തിക ഇല്ല. എന്നാൽ സർവ്വീസനുസരിച്ച് ഗ്രേഡ് പ്രൊമോഷൻ നൽകുന്നുണ്ട്.

(ഡി) ഇല്ല. ഇവർക്ക് ഓവർടൈം അലവൻസ് നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly